**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4624** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ വിഭാഗക്കാരുടെ ഉന്നമനത്തിനുള്ള പ്രത്യേക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹിക വികസന രംഗത്ത് ഏറ്റവും പിന്നാക്കം നിൽക്കുന്ന പ്രാക്തന ഗോത്രങ്ങളിൽപെട്ടവരുടെയും സമാന അവസ്ഥയിലുള്ള പട്ടികജാതിയിലെ ദുർബല വിഭാഗക്കാരുടെയും ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് "HOME" (Household Oriented Micro planning for Empowerment), ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളെയും പ്രാക്തന ഗോത്ര വിഭാഗങ്ങളെയും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി ദുർബല വിഭാഗങ്ങളെയും മൂന്നാം ഘട്ടത്തിൽ മറ്റു പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവര ശേഖരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. സാമൂഹിക വികസന രംഗത്ത് പിന്നാക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങളുടേയും, പിന്നാക്ക അവസ്ഥയിലുള്ള മറ്റ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും വിദ്യാഭ്യാസം, ആരോഗ്യം അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്ക് പുറമേ പ്രാക്തന ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിലെ പ്രധാന പ്രശ്നങ്ങളായ ഗതാഗത സൗകര്യം, വൈദ്യുതി, കുടിവെള്ളം എന്നിവ സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.<br><br>നിലവിൽ പട്ടികജാതി വികസന വകുപ്പ് ദുർബല വിഭാഗ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഭൂമി, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പഠനമുറി, ടോയ്‌ലെറ്റ്, കൃഷിഭൂമി, സ്വയംതൊഴിൽ സബ്സിഡി, കോളനി നവീകരണം എന്നീ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നു. |
| (ബി) | പട്ടികജാതിയിലെ അതിദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വീടിനും തൊഴിലിനും നൽകുന്ന പ്രത്യേക ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ബി) | ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ വീടിന്റെ അറ്റകുറ്റപണികൾക്കുള്ള വ്യക്തിഗത ധനസഹായ തുക 2,50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 100% സബ്സിഡിയോടെ വ്യക്തിഗത സ്വയംതൊഴിൽ സംരംഭകർക്ക് പരമാവധി 3,00,000/- രൂപയും ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭകർക്ക് പരമാവധി 5,00,000/- രൂപയും അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) | ഇത്തരക്കാർക്ക് വീട്ടും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി ഇവരെ വിദ്യാഭ്യാസപരമായും തൊഴിൽപരമായും മുഖ്യധാരയിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പഠനമുറി, ടോയ്‌ലെറ്റ്, കൃഷിഭൂമി, സ്വയംതൊഴിൽ സബ്സിഡി എന്നിവയ്ക്ക് ധനസഹായം അനുവദിക്കുന്നു. H O M E (Household Oriented Microplanning for Empowerment) പദ്ധതി പ്രകാരം ഒരോ കുടുംബത്തിനും ആവശ്യമുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ കണ്ടെത്തി നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ